## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1644

07.03.2018 ൽ മറുപടിയ്ക്ക്

### കെ.എസ്.യു നടത്തിയ സമരകാഹളം പരിപാടിയ്ക്ക് നേരെയുണ്ടായ അക്രമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കെ.എസ്.യു ഫെബ്രുവരി 17 - ന് നടത്തിയ സമരകാഹളം പരിപാടിയിൽ പങ്കെടുത്ത പ്രവർത്തകരെ സി.പി.എം പ്രവർത്തകർ മർദ്ദിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കൊടിക്കുന്നിൽ സുരേഷ് എം.പി യുടെ വാഹനം അടിച്ച് തകർത്തതായി പരാതി ലഭിച്ചിട്ടുണ്ടോ; | (ബി) ലഭിച്ചിട്ടുണ്ട്. |
| (സി) അക്രമപ്രവർത്തനത്തിൽ പങ്കെടുത്ത ഡി.വൈ.എഫ്.ഐ/സി.പി.എം പ്രവർത്തകർക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്കെതിരെ എന്നറിയിക്കാമോ; | (സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ, സി.ഐ.റ്റി.യു, എസ്.എഫ്.ഐ എന്നീ സംഘടനകളിലെ പ്രവർത്തകർക്കെതിരെ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ (ക്രൈം നം. 342/18) കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ഡി) പ്രതിപക്ഷ പാർട്ടിയുടെ വിദ്യാർത്ഥി സംഘടനകൾക്ക് നേരെ നടക്കുന്ന ഇത്തരം അക്രമങ്ങൾ തടയുന്നതിന് പോലീസിന് കഴിയാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) സംസ്ഥാനത്ത് അക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ